ബോദ്ധ്യമുണ്ട്. ആത്മാർത്ഥമായ സഹകരണത്തിലൂടെ ഇൻപുട്ട്സ് കൃത്യമായി എത്തിച്ചുകൊടുക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. പല തലത്തിലും സംസ്ഥാന തലത്തിലും അവർക്ക് പ്രോത്സാഹന സമ്മാനങ്ങളും കൊടുക്കുന്നുള്ള തീരുമാനങ്ങളെടുത്തിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii)രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സംസ്ഥാന ടെലിവിഷൻ സെറ്റുകളുടെ വിൽപ്പന നികുതി

*135 [139] ശ്രീ. പി. കെ. കെ. ബാവ :
,, കെ. പി. എ. മജീദ് :
,, പി. വി. മുഹമ്മദ് :
,, ഇ. ടി. മുഹമ്മദ് ബഷീർ. :
,, എ. വി. അബ്ദു റഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിർമ്മിച്ച സംസ്ഥാനത്തിനകത്ത് വിൽക്കുന്ന ടെലിവിഷൻ സെറ്റുകളുടെ വില്പന നികുതി കുറയ്ക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നികുതി നിരക്കിൽ വരുത്തിയ കുറവെത്ര ;

(സി) സംസ്ഥാവത്ത് നിർമ്മിക്കുന്ന ഏതെല്ലാം ടെലിവിഷൻ സെറ്റുകൾക്ക് ഈ ആനുകൂല്യം ലഭിക്കും ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) 12-9-1986 മുതൽ വിൽപ്പന നികുതി നിരക്ക് 10 ശതമാനത്തിൽ നിന്നും 4 ശതമാനമായി കുറവുചെയ്തു.

(സി) ഈ സംസ്ഥാനത്ത് നിർമ്മിച്ച് അഥവാ സംയോജിപ്പിച്ച് കേരളത്തിനകത്ത് വിൽക്കുന്ന എല്ലാ ടെലിവിഷൻ സെറ്റുകൾക്കും ഈ ആനുകൂല്യം ലഭിക്കും.

മുദ്രപ്പത്രങ്ങൾക്കും സ്റ്റാമ്പുകൾക്കും ദൗർലഭ്യം

*136 [140] ശ്രീ. ടി. എച്ച്. മുസ്തഫ :
,, ജി. കാർത്തികേയൻ :
,, പി. പി. തങ്കച്ചൻ :
,, സ്റ്റീഫൻ പാദുവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താഴ്ന്ന വിലയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്കും സ്റ്റാമ്പുകൾക്കും ദൗർലഭ്യം അനുഭവപ്പെടുന്നതായുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly